## പ്രസിദ്ധീകരണത്തിന്

മുന്നാക്കസമുദായവിഭാഗങ്ങളുടെ സാമ്പത്തികമായ പിന്നാക്കാവസ്ഥ കണ്ടെത്താൻ ഒരു സാമൂഹിക-സാമ്പത്തികസർവേ നടത്താൻ സർക്കാർ അനുമതി നല്കിയതായി അറിയുന്നു.

സംസ്ഥാനത്തെ ഇരുപതിനായിരത്തോളം തദ്ദേശസ്വയംഭരണവാർഡുകളിലെയും സാമ്പത്തികമായി ഏറ്റവും പിന്നാക്കം നില്ക്കുന്ന അഞ്ചുവീതം കുടുംബങ്ങളിൽനിന്നും മൊബൈൽആപ്പ് ഉപയോഗിച്ച് വിവരശേഖരണം നടത്താനാണ് ഉദ്ദേശിക്കുന്നത് എന്നറിയുന്നു. സർവേ സംബന്ധിച്ച വിവരശേഖരണത്തിനായി മുന്നാക്കസമുദായകമ്മീഷൻ തയ്യാറാക്കിയിട്ടുള്ള ചോദ്യാവലിയുടെ പകർപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

സംസ്ഥാനത്ത് മുഴുവൻ മുന്നാക്കവിഭാഗങ്ങളിലുംപെട്ടവരുടെ ഭവനങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്താതെ, തദ്ദേശസ്വയംഭരണവാർഡുകളിലെ ഏറ്റവും പിന്നാക്കം നില്ക്കുന്ന അഞ്ചുവീതം കുടുംബങ്ങളെ സംബന്ധിച്ച് മൊബൈൽആപ്പ് ഉപയോഗിച്ച് വിവരശേഖരണം നടത്തിയാൽ സംസ്ഥാനത്തുള്ള മുന്നാക്കസമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരുടെ യഥാർത്ഥചിത്രം എങ്ങനെ കിട്ടുമെന്ന് മനസ്സിലാകുന്നില്ല.

രാജ്യത്തെ സെൻസസ് എടുക്കുന്ന മാതൃകയിലും സംവിധാനത്തിലും യോഗ്യരായ ഉദ്യോഗസ്ഥരെക്കൊണ്ട് നടത്തേണ്ടതായ ഈ വിവരശേഖരണം, അർഹിക്കുന്ന പരിഗണനയോടുകൂടി നടത്താതിരുന്നാൽ അതിന് ഉദ്ദേശിക്കുന്ന ഫലം കിട്ടുകയില്ല എന്നു മാത്രമല്ല, ആർക്കോ വേണ്ടിയുള്ള ഒരു പ്രഹസനമായി മാത്രം ഇത് അവസാനിക്കുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല.

മുന്നാക്കസമുദായങ്ങളെ സംബന്ധിച്ചായാലും സർക്കാരിനെ സംബന്ധിച്ചായാലും, ഭാവിയിൽ ഇതൊരു ആധികാരികരേഖയായി മാറേണ്ടതാണ് എന്ന കരുതൽ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

പെരുന്ന
02.10.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി